"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് ജീവനക്കാര്യം - കാർത്തികപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിൽ രജിസ്റ്റർ ചെയ്ത 137/2023 നമ്പർ അബ്കാരി കേസിന്റെ അന്വേഷണത്തിൽ വീഴ്ച സംഭവിച്ചത് - അന്വേഷണ ഉദ്യോഗസ്ഥൻ ശ്രീ. എം. നൗഷാദ്-നെതിരായ അച്ചടക്ക നടപടി - ഫോർമൽ എൻക്വയറി നടത്തുന്നതിനായി ഉദ്യോഗസ്ഥനെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.443/2026/TAXES തീയതി,തിരുവനന്തപുരം, 19-05-2026

---

പരാമർശം:-
1. എക്സൈസ് കമ്മീഷണറുടെ 06.02.2026-ലെ EXC/22/2025-XE5 നമ്പർ കത്ത്
2. 06.03.2026-ലെ എഫ്2/25/2026-നികുതി നമ്പർ കുറ്റാരോപണ മെമ്മോ
3. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. എം. നൗഷാദ് 04.04.2026-ൽ സമർപ്പിച്ച എതിർവാദ പത്രിക

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി എക്സൈസ് റേഞ്ച് ഓഫീസിൽ രജിസ്റ്റർ ചെയ്ത 137/2023 നമ്പർ അബ്കാരി കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന ആലപ്പുഴ അസി.എക്സൈസ് കമ്മീഷണർ ശ്രീ.എം. നൗഷാദ് (നിലവിൽ കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ), ടി കേസിന്റെ അന്വേഷണത്തിൽ ചുവടെ ചേർത്തിരിക്കുന്ന വീഴ്ചകൾ വരുത്തിയതായി അറിയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

i. ടി കേസിൽ ഗൂഢാലോചന നടത്തിയവരേയും സഹായിച്ചവരേയും സംബന്ധിച്ച് യാതൊരു അന്വേഷണവും നടത്തിയതായി കാണുന്നില്ല.

ii. ഗുരുദേവ ട്രസ്റ്റിന് സമീപത്തുള്ള അനീഷ് എന്ന ആളാണ് രഞ്ജിത്ത് @

കണ്ണപ്പനെ, പ്രതി സുധീന്ദ്ര ലാലിന് പരിചയപ്പെടുത്തിക്കൊടുത്തതെന്ന് പ്രതിയുടെ മൊഴിയിൽ പറയുന്നു, എന്നാൽ ടി അനീഷിനെ കുറിച്ച് അന്വേഷണങ്ങൾ നടത്തിയതായി കാണുന്നില്ല.

**iii.** ടി കേസിലെ ഒന്നാം പ്രതിയുടെ വീട്ടിൽ സന്ദർശനം നടത്തിയിരുന്ന കണ്ണപ്പൻ, ടിയാന്റെ കൂട്ടാളികൾ, അച്ചായൻ എന്നു വിളിക്കുന്ന ആൾ മുതലായവരെ പറ്റി കൃത്യസ്ഥല വീട്ടിൽ തന്നെ താമസക്കാരിയും ഒന്നാം പ്രതിയുടെ ഭാര്യയുമായ ആളുടെ മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തിയതായി കാണുന്നില്ല.

**iv.** ടി കേസുമായി ബന്ധപ്പെട്ട ഫോൺ നമ്പരുകൾ കേന്ദ്രീകരിച്ച് വിശദമായ അന്വേഷണം നടത്തിയിതായി കാണുന്നില്ല.

**v.** ടി കേസിലെ പ്രതിയുടെ മദ്യ വിൽപ്പനയെ സംബന്ധിച്ച അന്വേഷണം നടത്തിയതായി കാണുന്നില്ല.

**vi.** ടി കേസിന്റെ കൃത്യസ്ഥലമായ വീടിന്റെ വാടക കരാർ ആരാണ് എഴുതിയത് എന്ന് ചോദിച്ചറിഞ്ഞിട്ടില്ല. കണ്ണപ്പൻ @ രഞ്ജിത്തിന്റെ ഐഡന്റിറ്റിയെ പറ്റി കൂടുതൽ അന്വേഷിച്ചിട്ടില്ല. **CDR** ഡീറ്റെയിൽസ് ഒരു വിദഗ്ധനെ കൊണ്ട് പരിശോധിപ്പിച്ചിട്ടില്ല.

**2)** എക്സൈസ് കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.എം. നൗഷാദ് (നിലവിൽ കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ), മേൽ കേസിന്റെ അന്വേഷണത്തിൽ വീഴ്ച വരുത്തിയതായി വെളിവാകുന്നതിനാൽ ടിയാനെതിരെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം **(2)** പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ടി കുറ്റാരോപണ മെമ്മോയ്ക്കും കുറ്റാരോപണ പത്രികയ്ക്കും ടിയാൻ പരാമർശം **(3)** പ്രകാരം എതിർവാദ പത്രിക സമർപ്പിച്ചിരുന്നു.

**3)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.എം. നൗഷാദ് (നിലവിൽ കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ)-നെതിരേ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും)

ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിച്ചതിന്റെ ഭാഗമായി ഫോർമൽ എൻക്വയറി നടത്തുന്നതിനായി ജോയിന്റ് എക്സൈസ് കമ്മീഷണർ (എ.പി.സി) ശ്രീ. എസ്. വിനോദ്കുമാറിനെ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

4) അന്വേഷണ ഉദ്യോഗസ്ഥൻ ടി ഫോർമൽ എൻക്വയറി നടത്തി അന്വേഷണ റിപ്പോർട്ട്, ഈ ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനുള്ളിൽ സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ.എം. നൗഷാദ്, നിലവിൽ കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എക്സൈസ് കമ്മീഷണർ മുഖേന)
3. ശ്രീ. എസ്. വിനോദ്കുമാർ, ജോയിന്റ് എക്സൈസ് കമ്മീഷണർ (എ.പി.സി) (എക്സൈസ് കമ്മീഷണർ മുഖേന) (പരാമർശം 1 മുതൽ 3 വരെയുള്ള പകർപ്പുകൾ സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
5. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/25/2026-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 19-05-2026 11:17:16